## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T 2910 | 22.06.2012 ൽ മറുപടിക്ക് |
|---|---|

### ക്യൂബക്കിലേയ്ക്ക് അനധികൃത റിക്രൂട്ട്മെന്റ്

| ചോദ്യം | | മറുപടി |
|---|---|---|
| പ്രൊഫ. എൻ. ജയരാജ്,<br>ശ്രീ. റോഷി അഗസ്റ്റിൻ,<br>ശ്രീ. പി. സി. ജോർജ്ജ്,<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ. | | ശ്രീ. കെ. സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| (എ) കാനഡയിലെ ക്യൂബക്കിലേയ്ക്ക് ആളുകളെ റിക്രൂട്ട് ചെയ്യുന്നതിനായി അംഗീകൃത റിക്രൂട്ടിംഗ് ഏജൻസികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; | | (എ) ഏതെങ്കിലും പ്രത്യേക രാജ്യത്തേയ്ക്ക് മാത്രമായി റിക്രൂട്ട്മെന്റ് നടത്തുന്നതിനല്ല ഏജൻസികൾക്ക് അംഗീകാരം നല്കുന്നത്. അംഗീകൃത ഏജൻസികൾക്ക് എല്ലാ രാജ്യങ്ങളിലേയ്ക്കും റിക്രൂട്ട്മെന്റ് നടത്താവുന്നതാണ്. തിരുവനന്തപുരത്തെയും, കൊച്ചിയിലെയും പ്രൊട്ടക്റ്റർ ഓഫ് എമിഗ്രൻസ് ഓഫീസുകളുടെ അധികാര പരിധിയിൽ 240 റിക്രൂട്ടിംഗ് ഏജൻസികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ക്യൂബക്കിലെ ഐ. എൽ. റ്റി. എസ്. കോച്ചിംഗ് സെന്ററുകളിൽ പഠനം നടത്തി വിജയിക്കുന്നതിലൂടെ പൗരത്വം നേടാമെന്ന് വിശ്വസിപ്പിച്ച് തട്ടിപ്പ് | | (ബി) ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചാൽ നിയമാനുസൃതം അന്വേഷണം നടത്തുന്നതാണ്. |

| | |
|---|---|
| നടത്തുന്ന സംഘങ്ങളെക്കുറിച്ച് അടിയന്തിരമായി അന്വേഷിക്കുമോ; | |
| (സി) കഴിഞ്ഞ കാലങ്ങളിൽ ഇത്തരം റിക്രൂട്ടിംഗ് ഏജൻസികൾ മുഖേന ഇപ്രകാരം ക്യൂബക്കിലേയ്ക്ക് പോയിട്ടുള്ളവരുടെ വിവരങ്ങൾ ലഭ്യമാക്കുമോ; | (സി) കാനഡ Emigration Clearance Required (ECR) രാജ്യമല്ലാത്തതിനാൽ ഈ രാജ്യത്തേയ്ക്ക് പോയിട്ടുള്ളവരുടെ എമിഗ്രേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല |
| (ഡി) കൂടുതൽ പേർ ഇത്തരത്തിൽ കബളിപ്പിക്കപ്പെടാതിരിക്കാൻ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) കേന്ദ്ര സർക്കാരിന്റെ പ്രവാസികാര്യ മന്ത്രാലയം, നോർക്ക റൂട്ട്സ് എന്നിവയുടെ ആഭിമുഖ്യത്തിൽ പത്ര ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ വ്യാജ റിക്രൂട്ട്മെന്റിനും, വിസാ തട്ടിപ്പിനുമെതിരെ വ്യാപകമായ പ്രചാരണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ